(എ) സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 1999-2000-ൽ ദേശീയ സഹകരണ വികസന കോർപ്പറേഷൻ 18.56 കോടി രൂപ വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ ഈ തുക സംസ്ഥാനം വിനിയോഗിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ തുക വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളാരാണെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാന ഫിഷറീസ് പ്രോഗ്രാമുകൾക്കുവേണ്ടി ദേശീയ സഹകരണ വികസന കോർപ്പറേഷൻ 1999-2000-ൽ 12 കോടി രൂപ ടെന്റേറ്റീവ് അലോക്കേഷനായി വകയിരുത്തിയിരുന്നു.

(ബി) അനുവദിച്ച തുക വിനിയോഗിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) ഇല്ല.

27 (*147) ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകൾ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
വെങ്ങാനൂർ പി ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പീഡിത ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ടെന്ന് കുരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; നടപടികളുടെ വിശദാശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എല്ലാ ജില്ലകളിലും ചെറുകിട വ്യവസായികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) എല്ലാ നിയമ സഭാമണ്ഡലങ്ങളിലും സിഡ്കോയുടെ വ്യവസായ പാർക്കുകൾ ഈ വർഷം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളുടെ എണ്ണം എത്രയെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) തിരുവനന്തപുരം ജില്ലയിൽ സർവേ നടത്തിയിട്ടുണ്ട്. പീഡിത ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ട്. ഇതിനായി പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയനുസരിച്ച് പീഡിത വ്യവസായങ്ങളെ രജിസ്റ്റർ ചെയ്ത് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വിവിധ സഹായങ്ങൾ നൽകി പുനരുദ്ധരിക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളെ പീഡിത വ്യവസായമാണോ എന്ന് തിരിച്ചറിയുന്നതിനും, പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്ത് പുനരുദ്ധാരണം നടത്തുന്നതിനും ഒരു പദ്ധതി 1998 മുതൽ സർക്കാർ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി അനുസരിച്ച് നിയമിക്കപ്പെടുന്ന പ്രോഗ്രാം ഓഫീസർമാർ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച് അവരുടെ പ്രവർത്തനം പഠിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കുകയും പുനരുദ്ധാരണത്തിന് ചെറുകിട വ്യവസായങ്ങളെ സഹായിക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതി ഇപ്പോൾ പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളൊഴിച്ച് ബാക്കി 10 ജില്ലകളിൽ നിലവിലുണ്ട്.

(സി) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വിവിധ സൗകര്യങ്ങൾ ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നു. വിവിധ ഇനങ്ങളിലായി പ്രത്യേക നിരക്കുകളിൽ മൂലധന നിക്ഷേപ സബ്സിഡി നൽകും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വനിതകൾ, വികാലാംഗർ, വിമുക്ത ഭടന്മാർ എന്നിവർക്ക് അധിക സബ്സിഡി ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻ മണി ലോൺ ഒരു ലക്ഷം രൂപയിൽനിന്നും രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പലിശ നിരക്ക് 11 1/2 ശതമാനത്തിൽ നിന്നും 9 ശതമാനമായി കുറവു ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവാസി കേരളീയർക്ക് 5 ലക്ഷം രൂപ വരെ മാർജിൻമണി ലോണായി നൽകും. നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയനുസരിച്ച് നൽകുന്ന ഗ്രാന്റുകളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി 1-6-2000 മുതൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകൃതമാകുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തു. വ്യവസായികൾക്ക് നിശ്ചിത സമയത്തിനുള്ളിൽ എല്ലാ ഏജൻസികളിൽ നിന്നും ലഭിക്കേണ്ട ആവശ്യമായ ലൈസൻസുകൾ ഒരു ഏജൻസിയിൽ കൂടി നിശ്ചിത സമയത്തിനുള്ളിൽ പെട്ടെന്ന് ലഭിക്കുന്നതിനുള്ള നടപടി ഇതുമൂലം ലഭ്യമാകും.

സർക്കാരും വിവിധ സർക്കാർ ഏജൻസികളും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, വ്യവസായ പാർക്കുകൾ, വളർച്ചാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സിഡ്കോ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ചെറുകിട യൂണിറ്റുകൾക്ക് ബില്ലുകൾ മാറിക്കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇത്തരം ബില്ലുകൾ ഡിസ്കൗണ്ട് ചെയ്തുകൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനുള്ള ഫാക്ടറിംഗ് സർവ്വീസ് പദ്ധതിയും സിഡ്കോയിൽ നിലവിലുണ്ട്. വിമൻ ഇൻഡസ്ട്രീസ് പ്രോഗ്രാമിന് അകത്ത് ഗവൺമെന്റ് തരുന്ന പല വിധ ഗ്രാന്റുകളുടെ തുക വർദ്ധിപ്പിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ വില കിട്ടുന്നതിനുള്ള കാലതാമസം കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ കൗൺസിലിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായം നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പല സെക്ടറിലെ വ്യത്യസ്ത സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സാങ്കേതിക വികസന പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടി എടുക്കുന്നുണ്ട്.

(ഡി) കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വികസന ഏരിയ, വികസന പ്ലോട്ട് മുഖേന വ്യവസായികൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് വ്യവസായം തുടങ്ങുന്നതിന് ഭൂമി അലോട്ട് ചെയ്തു കൊടുക്കുന്നുണ്ട്.

(ഇ) 37 മണ്ഡലങ്ങളിൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവയിൽ 9 എണ്ണത്തിൽ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(എഫ്) 31-3-2000 വരെ 1917 യൂണിറ്റുകൾ ചെറുകിട വ്യവസായ മേഖലയിൽ പീഡിത യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

28 (*148) മുരാരി കമ്മിഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്നതിന് നടപടി

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. കെ.പി. സതീശ്ചന്ദ്രൻ</u> :
<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച മുരാരി കമ്മിഷന്റെ ശുപാർശകൾ സർക്കാർ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്രഗവൺമെന്റ് വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ഗുരുതരമായി ബാധിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കണം എന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വിദേശ ട്രോളറുകൾക്ക് സംസ്ഥാനത്തെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly